# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3088**

**19.06.2018 - ൽ മറുപടിയ്ക്ക്**

### കൃഷി വകുപ്പിനു കീഴിലുള്ള ഫാമുകൾ

ചോദ്യം
**ശ്രീ.എം. സ്വരാജ്**

മറുപടി
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

| | |
|---|---|
| **എ)** സംസ്ഥാനത്ത് കൃഷി വകുപ്പിന് കീഴിൽ നിലവിൽ എത്ര ഫാമുകളുണ്ടെന്നും അവ ഏതെല്ലാമെന്നും അറിയിക്കാമോ; | **എ)** കൃഷി വകുപ്പിനു കീഴിൽ നിലവിൽ 64 ഫാമുകളുണ്ട്. പേരുവിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| **ബി)** ഈ ഫാമുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | **ബി)** ഫാമുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| **സി)** ഇവിടെ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ സംസ്കരിക്കുന്നതിനും വിപണിയിലെത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; **ഡി)** ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ? | **സി) & ഡി)** നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതാതു ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് സ്ക്വാഷുകൾ, ജാമുകൾ, ജല്ലി, കാൻഡി, മഞ്ഞൾപ്പൊടി, ഏത്തക്കപ്പൊടി, കൂവപ്പൊടി, വിവിധയിനം അച്ചാറുകൾ, ചക്ക ചിപ്സ്, കരിക്ക് ഷേക്ക്, ശർക്കര എന്നീ മൂല്യവർദ്ധിത വസ്തുക്കൾ വിപണിയിൽ എത്തിച്ച് വില്പന നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

## കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകൾ

| ക്രമ നമ്പർ | ജില്ല | ഫാമിന്റെ പേര് |
|---|---|---|
| | | **വിത്തുത്പാദന കേന്ദ്രങ്ങൾ** |
| 1 | തിരുവനന്തപുരം | 1. ഉള്ളൂർ |
| | | 2. ചിറയിൻകീഴ് |
| 2 | കൊല്ലം | 3. കൊട്ടാരക്കര |
| | | 4. കടയ്ക്കൽ |
| 3 | പത്തനംതിട്ട | 5. അടൂർ |
| | | 6. പുല്ലാട്ട് |
| 4 | ആലപ്പുഴ | 7. അറുന്നൂറ്റിമംഗലം |
| | | 8. വീയ്യപുരം |
| 5 | കോട്ടയം | 9. വാലാച്ചിറ |
| | | 10. കോഴ |
| 6 | ഇടുക്കി | 11. കരിമണ്ണൂർ |
| 7 | എറണാകുളം | 12. ആലുവ |
| | | 13. ഒക്കൽ |
| 8 | തൃശ്ശൂർ | 14. മണ്ണുത്തി |
| | | 15. കോടശ്ശേരി |
| | | 16. നടവരമ്പ് |
| | | 17. എടത്തുരുത്തി |
| | | 18. പാണഞ്ചേരി |
| | | 19. പഴയന്നൂർ |
| 9 | പാലക്കാട് | 20.ആലത്തൂർ |
| | | 21. കുന്നന്നൂർ |
| | | 22. കോങ്ങാട് |
| | | 23. അനങ്ങനടി |
| | | 24. മുതലമട |
| 10 | മലപ്പുറം | 25. തവനൂർ |
| | | 26. ആനക്കയം |
| | | 27. ചൊക്കാട് |
| 11 | കോഴിക്കോട് | 28. പേരാമ്പ്ര |
| | | 29. പുതുപ്പാടി |
| 12 | കണ്ണൂർ | 30. കാങ്കോൾ |
| | | 31. വേങ്ങാട് |
| 13 | കാസറഗോഡ് | 32. കാസറഗോഡ് |
| | | 33. പുല്ലൂർ |

| | | |
|---|---|---|
| | | **ജില്ലാ ഫാമുകൾ** |
| 1 | തിരുവനന്തപുരം | 34.പെരിങ്ങമ്മല |
| 2 | കൊല്ലം | 35. അഞ്ചൽ |
| 3 | ആലപ്പുഴ | 36. മാവേലിക്കര |
| 4 | കോട്ടയം | 37. കോഴ |
| 5 | ഇടുക്കി | 38. അരീക്കുഴ |
| 6 | എറണാകുളം | 39. നേര്യമംഗലം |
| 7 | തൃശ്ശൂർ | 40. ചേലക്കര |
| 8 | മലപ്പുറം | 41. ചുങ്കത്തറ |
| 9 | കോഴിക്കോട് | 4. കൂത്താളി |
| 10 | കണ്ണൂർ | 43. തളിപ്പറമ്പ |
| | | **സ്പെഷ്യൽ ഫാമുകൾ** |
| 1 | തിരുവനന്തപുരം | 44. ബനാന നഴ്സറി, പെരിങ്ങമ്മല |
| 2 | കൊല്ലം | 45. കശുമാവ്തോട്ടം, കൊട്ടാരക്കര |
| 3 | പത്തനംതിട്ട | 46. കരിമ്പ് തോട്ടം, പന്തളം |
| | | 47. മോഡൽ ഓർഗാനിക് ഫാം, കോന്നി |
| 4 | ഇടുക്കി | 48. സംസ്ഥാന പച്ചക്കറിത്തോട്ടം, വണ്ടിപ്പെരിയാർ |
| 5 | തൃശ്ശൂർ | 49. മോഡൽ ഹോർട്ടികൾച്ചറൽ ഫാം, കണ്ണാറ |
| 6 | പാലക്കാട് | 50. ഓറഞ്ച് പച്ചക്കറിതോട്ടം, നെല്ലിയാമ്പതി |
| | | 51. ഫലവർഗ്ഗ വികസന തോട്ടം, മലമ്പുഴ |
| | | 52.സംയോജിത വിത്ത് വികസനതോട്ടം, എരുത്തിയാംപതി |
| | | 53. കേന്ദ്ര ഫലവർഗ്ഗത്തോട്ടം, പട്ടാമ്പി |
| 7 | മലപ്പുറം | 54. വിത്തുകൃഷിത്തോട്ടം, മുണ്ടേരി |
| 8 | കണ്ണൂർ | 55. റ്റി X ഡി ഹൈബ്രിഡൈസേഷൻ യൂണിറ്റ്, ചാലോട് |
| 9 | കാസറഗോഡ് | 56. കശുമാവ് പ്രോജനിതോട്ടം, ആദൂർ, ഗ്വാളിമുഖ |
| | | **തെങ്ങിൻതൈ നേഴ്സറികൾ** |
| 1 | തിരുവനന്തപുരം | 57. വലിയതുറ |
| | | 58. കഴക്കൂട്ടം |
| 2 | കൊല്ലം | 59. കരുനാഗപ്പള്ളി |
| 3 | എറണാകുളം | 60. വൈറ്റില |
| 4 | തൃശ്ശൂർ | 61. ഇരിഞ്ഞാലക്കുട |
| 5 | മലപ്പുറം | 62. പരപ്പനങ്ങാടി |
| 6 | കോഴിക്കോട് | 63. തിക്കോടി |
| 7 | കണ്ണൂർ | 64.പാലയാട് |

സെക്ഷൻ ഓഫീസർ

## അനുബന്ധം-2

സംസ്ഥാനത്ത് ഫാമുകളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി 2017-18 വർഷത്തിൽ നടീൽ വസ്തുക്കളുടെ ഉല്പാദനത്തിനും വിതരണത്തിനുമായി 500 ലക്ഷം രൂപ വകയിരുത്തിയതിൽ 75 ലക്ഷം കുരുമുളക് തൈകളും വിവിധ നടീൽ വസ്തുക്കളായി 5.5 ലക്ഷം തൈകളും ഉല്പാദിപ്പിച്ചിട്ടുണ്ട്. കേര സമൃദ്ധി എന്ന ബൃഹത്തായ പദ്ധതിയിൽ വിത്ത് തേങ്ങ സംഭരണത്തിനും ഗുണമേന്മയുള്ള തെങ്ങിൻ തൈ ഉല്പാദനത്തിനും 250 ലക്ഷം രൂപ വകയിരുത്തിയതിൽ 3,18,222 തെങ്ങിൻ തൈകളും ഉല്പാദിപ്പിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള ടിഷ്യൂകൾച്ചർ തൈകൾ ഉല്പാദിപ്പിക്കുന്നതിന് 15 ലക്ഷം രൂപ വകയിരുത്തിയതിൽ 21.5 ലക്ഷം ടിഷ്യൂക്കൾച്ചർ വാഴ, കറ്റാർ വാഴ, അലങ്കാര സസ്യങ്ങൾ എന്നിവ ഉല്പാദിപ്പിച്ചിട്ടുണ്ട്. ഹൈടെക് നഴ്സറികളുടെ പ്രവർത്തനത്തിനും തൈകളുടെ ഉല്പാദനത്തിനുമായി 25 ലക്ഷം രൂപ വകയിരുത്തിയതിൽ 3 ലക്ഷം വാഴ തൈകളും ഉല്പാദിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള പഴത്തോട്ടങ്ങളുടെ മാതൃവൃക്ഷ സംരക്ഷണത്തിനും പുതിയവ നട്ടുപിടിപ്പിക്കുന്നതിനും 100 ലക്ഷം രൂപ, വിദേശീയ ഇനം പഴത്തോട്ടങ്ങളുടെ തൈകൾ നട്ടുപിടിപ്പിച്ച് തോട്ടം നിർമ്മിക്കുന്നതിനായി 100 ലക്ഷം രൂപ, ജൈവകൃഷിയിലൂടെ ഗുണമേന്മയേറിയ ഉല്പാദനോപാധികളുടെ വിതരണം ലക്ഷ്യമാക്കി സംയോജിത കൃഷി നടപ്പിലാക്കുന്നതിന് 200 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കൂടാതെ ഫാമുകൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി യന്ത്രവൽക്കരണത്തിനും അടിസ്ഥാന സൗകര്യ വികസനങ്ങൾക്കുമായി 760 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

പുഷ്പകൃഷി വികസനത്തിന് മേൽത്തരം നടീൽ വസ്തുക്കളുടെ ഉല്പാദനത്തിനായി തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിലെ ഫാമുകൾക്ക് 25 ലക്ഷം രൂപ വകയിരുത്തിയതിൽ 50,000 അലങ്കാര സസ്യങ്ങളും ഉല്പാദിപ്പിച്ചിട്ടുണ്ട്. ഔഷധ സസ്യ കൃഷി വികസനത്തിന് ഫാമുകളിൽ ക്രോപ്പ് മ്യൂസിയം സ്ഥാപിക്കുന്നതിന് 14 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

2018-19 വർഷത്തിൽ കൃഷി ഫാമുകളുടെ നവീകരണത്തിനും വിപുലീകരണത്തിനുമായി നടീൽ വസ്തുക്കളുടെ ഉല്പാദനം 650 ലക്ഷം രൂപയും, സംയോജിത കൃഷി സമ്പ്രദായം 200 ലക്ഷം രൂപയും, പ്രൊജനി ഓർച്ചാർഡുകളുടെ വികസനം 100 ലക്ഷം രൂപയും, എക്സോട്ടിക് ഫലവൃക്ഷങ്ങളുടെ വികസനം 100 ലക്ഷം രൂപയും, കാർഷിക യന്ത്രവൽക്കരണം 300 ലക്ഷം രൂപയും, അടിസ്ഥാന സൗകര്യ വികസനം 310 ലക്ഷം രൂപയും, പ്രദർശന തോട്ടങ്ങളുടെ നിർമ്മാണം 37.03 ലക്ഷം രൂപയും, ടിഷ്യൂ കൾച്ചർ ലാബുകളിൽ അത്യുല്പാദന ശേഷിയുള്ള തൈകൾ ഉല്പാദിപ്പിക്കുന്നതിന് 15 ലക്ഷം രൂപയും ഹൈടെക് നഴ്സറികളുടെ പ്രവർത്തനത്തിന് 25 ലക്ഷം രൂപയും, വിത്തുല്പാദന കേന്ദ്രങ്ങൾ നവീന ഗുണമേന്മയുള്ള വിത്തുല്പാദിപ്പിക്കുന്നതിന് 200 ലക്ഷം രൂപയും, വകയിരുത്തി പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കൂടാതെ വി.എഫ്.പി.സി.കെ വഴി കർഷകർക്ക് നടീൽ വസ്തുക്കളുടെ വിതരണത്തിന് 150 ലക്ഷം രൂപയുടെയും, ഔഷധ സസ്യ കൃഷി വികസനത്തിനായി 100 ലക്ഷം രൂപയുടെയും, പുഷ്പ കൃഷി വികസനത്തിനായി 500 ലക്ഷം രൂപയുടെയും, വിത്തുല്പാദന കേന്ദ്രങ്ങളിൽ അത്യുല്പാദന ശേഷിയുള്ള നെൽവിത്ത്, പച്ചക്കറി വിത്ത്, ജൈവവള വിത്തുകൾ എന്നിവ ഉല്പാദിപ്പിക്കുന്നതിനായി കൃഷി ഫാമുകളിൽ 200 ലക്ഷം രൂപയുടെയും പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ